## ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ഡാളസ് മഹാത്മാഗാന്ധി പാർക്ക് സന്ദർശിച്ചു






ഡാളസ്: ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഡാളസിൽ അമേരിക്കയിലെ ഏറ്റവും വലിയ മഹാത്മാഗാന്ധി മെമ്മോറിയൽ പാർക്ക് സന്ദർശിച്ച് രാഷ്ട്രപിതാവിന്റെ പ്രതിമയിൽ ഹാരാർപ്പണം നടത്തുകയും ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു. മെയ് ആറാം തീയതി ശനിയാഴ്ച മഹാത്മാഗാന്ധി മെമ്മോറിയൽ ഓഫ് നോർത്ത് ടെക്സസ് ചെയർമാൻ ഡോ. പ്രസാദ് തോട്ടക്കര, അംഗങ്ങളായ റാവു കൽവായ, എം.വി.എൽ പ്രസാദ്, പീയൂഷ് പട്ടേൽ എന്നിവരുമായാണ് മുഖ്യമന്ത്രി പാർക്ക് സന്ദർശിക്കാൻ എത്തിച്ചേർന്നത്.

റവന്യൂ വകുപ്പ് മന്ത്രി യാനുമല രാമകൃഷ്ണൻ, ആന്ധ്രാപ്രദേശ് മീഡിയ അഡ്വൈസർ പി. പ്രഭാകർ, സിഇഒ ഡോ. രവി തുടങ്ങി നിരവധി വകുപ്പ് ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയെ അനുഗമിച്ചിരുന്നു. ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ, പ്രത്യേകിച്ച് ആന്ധ്രാ സംസ്ഥാനത്തുനിന്നും അമേരിക്കയിൽ കുടിയേറി പാർക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തന്നാലാവുന്നത് ചെയ്യുമെന്നു മുഖ്യമന്ത്രി ഉറപ്പു നൽകി. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ പ്രവാസികൾ മുഖ്യപങ്കുവഹിക്കുന്നതിനെ മുഖ്യമന്ത്രി അഭിനന്ദിച്ചു.

ഇർവിംഗ് സിറ്റിയുമായി സഹകരിച്ച് ഇത്രയും മനോഹരമായ മഹാത്മാഗാന്ധി പാർക്ക് നിർമിക്കുവാൻ നേതൃത്വം നൽകിയ ഡോ. പ്രസാദ് തോട്ടക്കര, കമ്മിറ്റി അംഗങ്ങൾ എന്നിവരെ അനുമോദിക്കുന്നതിനും മുഖ്യമന്ത്രി മറന്നില്ല. ജോണ് ഹാമണ്ട്, ഗസ്നം മോഡ്ഗിൽ, ജാക്ക് ഗോസ്പായനി, സാൽമാൻ, കമൽ കൗശൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ആന്ധ്രാപ്രദേശിൽ നിന്നും എത്തിച്ചേർന്ന പ്രവാസികളുടെ ആവശ്യങ്ങൾ ഉൾപ്പെടുന്ന നിവേദനം ചെയർമാൻ മുഖ്യമന്ത്രിയ ഏൽപിച്ചു.

റിപ്പോർട്ട്: പി.പി. ചെറിയാൻ